"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025-26 - വയനാട് ജില്ല - കൽപറ്റ നിയോജകമണ്ഡലം- മേപ്പാടി ഗ്രാമപഞ്ചായത്ത് -' **വാഴവറ്റ - പാക്കം ഏഴാംചിറ മാമലക്കുന്ന് പള്ളിക്കവല റോഡ് നവീകരണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.481/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.01.2026-ലെ LSGD/PD/1259/2026-EW2-നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ക്രമ നമ്പർ 2314 പ്രകാരം 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി, 20 ലക്ഷം രൂപ വകയിരുത്തി '**വാഴവറ്റ - പാക്കം ഏഴാംചിറ മാമലക്കുന്ന് പള്ളിക്കവല റോഡ് നവീകരണം**'എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി .

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025 -2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -വാല്യം II-ക്രമ നമ്പർ.2314 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന **"വാഴവറ്റ - പാക്കം ഏഴാംചിറ മാമലക്കുന്ന് പള്ളിക്കവല റോഡ് നവീകരണം"** പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ (നൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **"4515-00-800-92(NP) "** എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനായി അനിവദിച്ചിരിക്കുന്നതിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3.അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4.ധനകാര്യ വകുപ്പ്.(E:3411399/DEV-3/41/2026-Fin dated 15.02.2026) (AS/ LGD/25/49159)
5.ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി. തിരുവനന്തപുരം
7.കരുതൽ ഫയൽ. (DB2/74/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 26-02-2026 11:02:58

സെക്ഷൻ ഓഫീസർ